കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 29 2017

## ശബരിമല പത്രക്കുറിപ്പ്–2



മീഡിയ സെന്റർ ഫോൺ : 04735–202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

## നട തുറക്കൽ ഇന്ന്(30ന്) വൈകീട്ട് അഞ്ചിന്

ശബരിമല: മകരവിളക്ക് ഉൽസവത്തിനായി നട ഇന്ന്(30ന്) വൈകീട്ട് അഞ്ചിന് തുറക്കും. രാവിലെ 10മുതൽ പമ്പയിൽനിന്നും ഭക്തർക്ക് പ്രവേശനം നൽകും. നട തുറന്നശേഷം ആഴി തെളിയിക്കും. അതിനുശേഷം മാത്രമാണ് ഭക്തർക്ക് ദർശനം അനുവദിക്കുക. രാത്രി 11ന് നട അടയ്ക്കും. നാളെ(31ന്) രാവിലെ 3.30ന് നട തുറക്കും. തുടർന്ന് തന്ത്രിയുടെ കാർമികത്വത്തിൽ അഭിഷേകം നടക്കും.

(പി.ആർ. ശബരി 336)

## ശുചിത്വകർമ്മസേനാ പ്രവർത്തനം അവലോകനം ചെയ്തു

ശബരിമല: ശബരിമലയിൽ ശുചിത്വം നിലനിർത്തുന്നതിൽ രൂപീകരിച്ച ശബരിമല സാനിട്ടേഷൻ സൊസൈറ്റി പ്രവർത്തനങ്ങൾ ഇന്നലെ(29ന്) അവലോകനം ചെയ്തു. വാവരു സ്വാമി നടയിൽ സാനിട്ടേഷൻ സൊസൈറ്റി അംഗവും അടൂർ ആർ.ഡി.ഒയുമായ എം.എ. റഹിം, ഡ്യൂട്ടി മജിസ്ട്രേറ്റ് എം സുരേഷ് എന്നിവർ പ്രവർത്തനങ്ങൾ വിലയിരുത്തി സാനിട്ടേഷൻ സൊസൈറ്റി അംഗങ്ങൾക്ക് നിർദേശങ്ങൾ നൽകി. മകരവിളക്ക് ഉൽസവകാലത്ത് ഭക്തർക്ക് ബുദ്ധിമുട്ടു ാവാത്ത രീതിയിൽ മാലിന്യങ്ങൾ നീക്കം ചെയ്യണമെന്നും വരും ദിവസങ്ങളിൽ തിരക്ക് കൂടുന്നതനുസരിച്ച് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്നും നിർദേശങ്ങൾ സൊസൈറ്റി അംഗങ്ങൾക്ക് നൽകി.

(പി.ആർ. ശബരി 337)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.